**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *174**

**7.03.2018 - ൽ മറുപടിയ്ക്ക്**

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ. ടി. വി. ഇബ്രാഹിം**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| **എ)** വിദേശരാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് സർക്കാർ അറ്റസ്റ്റ് ചെയ്ത് നൽകണമെന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** ഇക്കാര്യത്തിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | **ബി)** ഗൾഫ് രാജ്യങ്ങളിൽ ജോലി നേടുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ അതത് പോലീസ് സ്റ്റേഷൻ പരിധിയിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ/പോലീസ് സൂപ്രണ്ട് എന്നിവർ നൽകുന്നതോ, പാസ്സ്പോർട്ട് ഓഫീസർ നല്കുന്നതോ ആയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഗവൺമെന്റ് അംഗീകൃത നോട്ടറി അറ്റസ്റ്റ് ചെയ്തതിനു ശേഷം വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് തിരിച്ചറിയൽ രേഖയുടെ/ പാസ്പോർട്ടിന്റെ പകർപ്പ്, നോട്ടറി അറ്റസ്റ്റ് ചെയ്ത പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഗവൺമെന്റ് അംഗീകൃത ട്രാവൽ ഏജൻസി മുഖേനയോ, നേരിട്ടോ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ അറ്റസ്റ്റേഷനുവേണ്ടി സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കു |

| | |
|---|---|
| | ശേഷം അന്നേ ദിവസവും, ട്രാവൽ ഏജൻസി മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷകൾ തൊട്ടടുത്ത പ്രവർത്തി ദിവസവും അറ്റസ്റ്റ് ചെയ്ത് മടക്കി നൽകുന്നതാണ്. ഗൾഫ്/ഏഷ്യൻ രാജ്യങ്ങൾ ഒഴികെയുള്ള മറ്റ് രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർ സമർപ്പിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ, എ.ഡി.ജി.പി. (ഇന്റലിജൻസ്) -ന്റെ റിപ്പോർട്ടിനായി അയച്ചു കൊടുക്കുന്നതും, ടി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷകർക്ക് അറ്റസ്റ്റ് ചെയ്തു കൊടുക്കുന്നതുമാണ്. |
| **സി)** കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | **സി)** യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയതിനാൽ അറ്റസ്റ്റേഷന് പൊതുജനങ്ങളുടെ തിരക്ക് വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ രാവിലെ 10.30 മുതൽ 1.00 മണിവരെ അപേക്ഷകൾ സ്വീകരിച്ച് ടോക്കൺ നൽകി, അപേക്ഷകൾ ഉടൻ തന്നെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിന് കൈമാറുകയും ആഭ്യന്തര വകുപ്പിൽ അപേക്ഷകൾ പരിശോധിച്ച് അറ്റസ്റ്റ് ചെയ്ത് അതേ ദിവസം തന്നെ ഉച്ചയ്ക്കു ശേഷം സർട്ടിഫിക്കറ്റുകൾ വിതരണവും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**